# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2925 10.05.2017 -ലെ മറുപടി**

## അന്തർസംസ്ഥാന നദീജലകരാറുകൾ

**ചോദ്യം**

**ശ്രീ. പി.കെ. ശശി**

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

എ. മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള നിലവിലെ അന്തർസംസ്ഥാന നദീജലകരാറുകൾ ഏതെല്ലാമെന്നും അതിൽ കാലപരിധി കഴിഞ്ഞവ ഏതെല്ലാമെന്നും അവ സംസ്ഥാനത്ത് നിലവിലുള്ള ജലലഭ്യത ഉറപ്പുവരുത്തി പുതുക്കാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(എ) 29.05.1970 ൽ കേരളവും തമിഴ്നാടും 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19.08.1973 ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29 ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970 ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് മറ്റു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള നിലവിലെ അന്തർസംസ്ഥാന നദീജല കരാറുകൾ. ഇവയിൽ നിലവിൽ കാലാവധി കഴിഞ്ഞ അന്തർസംസ്ഥാന നദീജലകരാറുകൾ ഒന്നുമില്ല.

പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ഇതു അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988 – 2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ

പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

പല തലത്തിലുള്ള ചർച്ചകൾ നടന്നിട്ടും കരാർ പുതുക്കാൻ സാധിക്കാതെ വരികയും അതേസമയം തമിഴ് നാട് കരാർ ലംഘനം പതിവാക്കുകയും ചെയ്ത സാഹചര്യത്തിൽ മറ്റ് നടപടികളിലേക്ക് പോകാൻ കേരളം നിർബന്ധിതമായേക്കും. എന്നാൽ ചർച്ചകളിലൂടെ സമവായത്തിലെത്തുക എന്നതു തന്നെയാണ് ഇപ്പോഴും കേരളത്തിന്റെ മുഖ്യ അജണ്ട. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകികൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ നടത്തുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. കരാർ പുനരവലോകനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി 29/04/2017 -ലെ കത്തു പ്രകാരം ബഹു. തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുണ്ട്.

ബി) ഇത്തരം പുതുക്കാനുള്ള കരാറുകൾ പുതുക്കാനും അതു വഴി സംസ്ഥാനത്തിനർഹമായ ജലം നേടിയെടുക്കാനുമായി മുൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും പ്രസ്തുത കാലയളവിലോരോവർഷവും സംസ്ഥാനത്തിനു കരാർ പ്രകാരം ലഭിക്കേണ്ട ജലം എത്രയെന്നും, ലഭിച്ച ജലം എത്രയെന്നും എത്രജലം നഷ്ടമായി എന്നും വ്യക്തമാക്കുമോ;

(ബി) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്ന് മുൻ സർക്കാരിന്റെ കാലത്ത് (കഴിഞ്ഞ അഞ്ച് ജല വർഷങ്ങളിൽ) കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ വ്യക്തമാക്കുന്ന പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു

21.01.2011 നു ശേഷം പി .എ.പി കരാർ പുനരവലോകന ചർച്ചകൾ നടന്നിട്ടില്ല. എന്നാൽ 28.04.2013 ന് തിരുവനന്തപുരത്ത് വച്ച് കേരളത്തിന്റെ ബഹു: ജല വിഭവ വകുപ്പു മന്ത്രിയുടേയും, തമിഴ്നാടിന്റെ ബഹു: പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ഇരു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നദീജലവിഷയങ്ങൾ (പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാർ) സംബന്ധിച്ച ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയിലും പി.എ.പി കരാർ പുനരവലോകന ചർച്ചകൾ തുടരാനാണ് തീരുമാനമായത്.

2012 - 2013 ജലവർഷത്തിൽ, കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പി.എ.പി യിൽ നിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ, പി.എ.പി

കരാർ വ്യവസ്ഥാ ലംഘനങ്ങൾ ക്കെതിരായി, കേരള സർക്കാർ 16.04.2013 ന് ബഹു: സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ബഹു: കോടതിയിൽ കേസിന്റെ തുടർ നടപടിക്രമങ്ങൾ നടന്നുവരു ക്കയാണ്.

സി) അന്തർ സംസ്ഥാന നദീജല കരാറുകളിൽ ഈ സർക്കാർ കാലയളവിൽ ഓരോന്നിൽ നിന്നും ലഭിക്കേണ്ട ജലം, ലഭിച്ച ജലം, കരാറുകൾ പുതുക്കേണ്ടവയിൽ അവലംബിച്ച പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(സി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പി.എ.പി കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.യുമാണ് കേരളത്തിന്റെ വിഹിതം. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം.ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനു പുറമെ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി. എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്. **പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് നടപ്പ് ജലവർഷത്തിൽ (2016/17) ഏപ്രിൽ രണ്ടാം ലൈവാരം (30.4.2017) വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു**

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**മണക്കടവ് വിയറിൽ കേരളത്തിന് ഒരു ജലവർഷം ലഭിക്കേണ്ട ജലം : 7250 Mcft**

**കേരള ഷോളയാറിൽ കേരളത്തിന് ഒരു ജലവർഷം ലഭിക്കേണ്ട ജലം : 12300 Mcft**

| Water Year | Quantity in Mcft at Kerala Sholayar | Quantity net accepted at Manacadavu in Mcft. | Upper Nirar quantity received in Mcft. |
|---|---|---|---|
| 2011-12 | 12321 | 7250+562 = 7812 | 960 |
| 2012-13 | 10663 | 5574 | 763 |
| 2013-14 | 12950 | 7250+271 = 7521 | 950 |
| 2014 -15 | 12725 | 7250+217 = 7467 | 974 |
| 2015 -16 | 11114 | 7250 + 42 = 7292 | 1131 |

ലോവർ നിരാർ ഡാമിന്റേയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചുകണക്കാക്കി 16350 എം.സി.എഫ് ടി യിൽ അധികമായി വന്ന 2500 എം.സി.എഫ് ടി ജലം 2007 - 08 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജല വർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ ചുവടെ കൊടുത്തിരിക്കുന്ന വിധം ഗഡുക്കളായി ലഭിച്ചു വരുന്നു.

**<u>Parambikulam Group Excess Yield Receipt</u>**

| Water year | Eligible quantity in Mcft. | Quantity received in Mcft. | Remarks |
|---|---|---|---|
| 2011-12 | 0 | 562 | |
| 2012-13 | 0 | 0 | |
| 2013-14 | 0 | 271 | |
| 2014-15 | 0 | 217 | |
| 2015-16 | 0 | 42 | |

2012 -13 ജല വർഷത്തിൽ, പി .എ.പി യിൽ നിന്നുള്ള ജല ലഭ്യതയിൽ മണക്കടവ് വിയറിൽ 1676 എം.സി.എഫ്.ടി യുടെ കുറവും, കേരള ഷോളയാറിൽ 1637 എം.സി.എഫ്.ടി യുടെ കുറവും ഉണ്ടായിട്ടുണ്ട്. കൂടാതെ 2015 – 16 ജല വർഷത്തിൽ, പി .എ.പി യിൽ നിന്നുള്ള ജല ലഭ്യതയിൽ കേരള ഷോളയാറിൽ 1186 എം.സി.എഫ്.ടി യുടെ കുറവും ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് നടപ്പ് ജല വർഷത്തിൽ (2016 - 17) ഏപ്രിൽ രണ്ടാം ദ്വൈവാരം (30.04.2017) വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ്

I. മണക്കടവ് വിയർ

| ദ്വൈവാരം | കരാർ പ്രകാരം ലഭിക്കേണ്ട ജലം | ലഭിച്ച ജലം (എം.സി.എഫ്.ടിയിൽ) |
|---|---|---|
| ജൂലായ് I | 130 | 130 |
| ജൂലായ് II | 130 | 96 |
| ആഗസ്റ്റ് I | 250 | 152 |
| ആഗസ്റ്റ് II | 160 | 160 |
| സെപ്റ്റംബർ I | 510 | 314 |
| സെപ്റ്റംബർ II | 700 | 328 |
| ഒക്ടോബർ I | 700 | 215 |
| ഒക്ടോബർ II | 410 | 363 |
| നവംബർ I | 210 | 210 |
| നവംബർ II | 310 | 218 |
| ഡിസംബർ I | 410 | 229 |
| ഡിസംബർ II | 610 | 240 |
| ജനുവരി I | 670 | 127 |
| ജനുവരി II | 470 | 128 |
| ഫെബ്രുവരി I | 100 | 245 |
| ഫെബ്രുവരി II | 100 | 215 |
| മാർച്ച് I | 240 | 175 |
| മാർച്ച് II | 240 | 217 |
| ഏപ്രിൽ I | 0 | 86 |
| ഏപ്രിൽ II | 0 | 104 |
| ആകെ | 6350 | 3952 |

II. കേരള ഷോളയാർ

| ദ്വൈവാരം | പവർഹൗസിൽ ലഭിച്ച ജലം (എം.സി.എഫ്.ടിയിൽ) |
|---|---|
| ജൂലായ് I | 55.05 |
| ജൂലായ് II | 16.85 |
| ആഗസ്റ്റ് I | 96.23 |
| ആഗസ്റ്റ് II | 130.60 |
| സെപ്റ്റംബർ I | 386.47 |
| സെപ്റ്റംബർ II | 468.34 |
| ഒക്ടോബർ I | 210.19 |
| ഒക്ടോബർ II | 402.63 |

| | |
|---|---|
| നവംബർ I | 474.55 |
| നവംബർ II | 55.20 |
| ഡിസംബർ I | 96.70 |
| ഡിസംബർ II | 283.46 |
| ജനുവരി I | 322.43 |
| ജനുവരി II | 467.74 |
| ഫെബ്രുവരി I | 469.73 |
| ഫെബ്രുവരി II | 438.18 |
| മാർച്ച് I | 535.88 |
| മാർച്ച് II | 728.97 |
| ഏപ്രിൽ I | 607.08 |
| ഏപ്രിൽ II | 600.87 |
| **ആകെ** | **6847.15** |

**III.** **<u>നീമാർ</u>**

| ദൈ്വവാരം | ലഭിച്ച ജലം (എം.സി.എഫ്.ടിയിൽ) |
|---|---|
| ഒക്ടോബർ I | 167.57 |
| ഒക്ടോബർ II | 144.45 |
| നവംബർ I | 87.97 |
| നവംബർ II | 72.33 |
| ഡിസംബർ I | 64.05 |
| ഡിസംബർ II | 43.18 |
| ജനുവരി I | 36.44 |
| ജനുവരി II | 48.85 |
| **ആകെ** | **664.84** |

സെക്ഷൻ ഓഫീസർ